ശ്രീ. അബ്ദുൽ മജീദ്: ഒരു ചെറിയ തുറമുഖമാക്കാനാണ് നിർദ്ദേശം, അതു പരിശോധിക്കുകയാണ്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഇതുമൂലം ഇന്നു തങ്കശ്ശേരി എന്നു പറയപ്പെടുന്ന സ്ഥലം ഇല്ലാതാകുകയും, അവിടെ താമസിക്കുന്നവർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുകയും ചെയ്യുമെന്നു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ശ്രീ. അബ്ദുൽ മജീദ്: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ആ സ്ഥലം നശിപ്പിച്ചു കളയാതെ, അതുകൂടി ഓർമ്മിച്ചുവച്ചിട്ട് ഈ പദ്ധതി പ്രയോഗത്തിൽ വരുത്താൻ വല്ല ശ്രമവും ചെയ്യുമോ?

ശ്രീ. അബ്ദുൽ മജീദ്: ഇതു നശിപ്പിച്ചു കളയാനല്ല, അവിടെ ഒരു തുറമുഖം ഉണ്ടാക്കാനാണ്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ഇപ്പോഴത്തെ താമസക്കാർക്ക് കുഴപ്പമുണ്ടാകാതെ, അധികം ജനവാസമില്ലാത്ത സ്ഥലത്തുകൂടി കനാൽ വെട്ടുന്നതിനു വേണ്ട മുൻകൂട്ടൽ ശ്രമങ്ങൾ ചെയ്യുമോ; അങ്ങനെ നിവേദനം കിട്ടിയിട്ടില്ല?

ശ്രീ. അബ്ദുൽ മജീദ്: നിവേദനം കിട്ടിയാൽ പോരാ; ഈ കാര്യത്തെപ്പറ്റി വേണ്ടത്ര വിവരമുള്ളവർ പരിശോധിച്ചതിനുശേഷം തീരുമാനിച്ചതാണ്. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ആളുകൾ പരിശോധിച്ചു തയ്യാറാക്കിയ ഒരു പദ്ധതിയാണിതു്.

ഐ വീക്കിലി ഡിസ്പെൻസറികൾ.

* 1636. [6] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിൽ ആകെ എത്ര ഐ വീക്കിലി ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നു;

(ബി) എറണാകുളം ജില്ലയിൽ തൃക്കാക്കര-കാക്കനാട്ട് കരിങ്കൽക്വാറി പ്രദേശത്തു ഒരു ഐ വീക്കിലി ഡിസ്പെൻസറി തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നു തുടങ്ങുമെന്നു വ്യക്തമാക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ഡോ. എ. ആർ. മേനോൻ):

(എ) 14.

(ബി) ഉണ്ട്.

(സി) ആലോചനയിലിരിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഐ വീക്കിലി ഡിസ്പെൻസറികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണുണ്ടായിരിക്കുക?

ഡോക്ടർ എ. ആർ. മേനോൻ: ഡോക്ടർ ആഴ്ചയിൽ രണ്ടു പ്രാവശ്യം പോകും. മരുന്നുകൾ അവിടെത്തന്നെയുണ്ടായിരിക്കും. ഒരു പ്രാവശ്യം ഡോക്ടർ പോയാൽ, പിന്നെ മൂന്നാംദിവസമേ പോകാൻ സാധിക്കൂ. ഇതു് ജനങ്ങൾക്കു വളരെ ബുദ്ധിമുട്ടുള്ള കാര്യമാണെന്നറിയാം. തൽക്കാലം ആളുകൾ ഇല്ലാത്തതുകൊണ്ടാണ് ഐ വീക്കിലി ഡിസ്പെൻസറികൾതന്നെ സൗകര്യമായ സ്ഥലങ്ങളിൽ ആരംഭിക്കാത്തതു്. കഴിയുന്നതും ഈ സൗകര്യം ചെയ്തുകൊടുക്കാൻ ശ്രമിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കുസുമം ജോസഫ്: എന്റെ നിയോജകമണ്ഡലമായ കാരിക്കോട്ട് ഒരു ബൈ വീക്കിലി ഡിസ്പെൻസറിയെങ്കിലും സ്ഥാപിച്ചുതരുമോ?

ഡാക്ടർ എ. ആർ. മേനോൻ: കഴിയുന്നതും ശ്രമിക്കുന്നതാണ്.

ലിക്വിഡേറ്റിംഗ് ഇൻസ്പെക്ടർമാർ.

* 1637. [7] ശ്രീ. ആർ. ജനാർദ്ദനൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ലിക്വിഡേറ്റിംഗ് ഇൻസ്പെക്ടറന്മാർ ഈ സംസ്ഥാനത്തു നിയമിക്കപ്പെട്ടിട്ടുണ്ട്;

(ബി) അവരുടെ നിയമനത്തിനുശേഷം എത്ര സഹകരണസംഘങ്ങൾ ലിക്വിഡേറ്റ് ചെയ്തിട്ടുണ്ട്?

നിയമവകുപ്പുമന്ത്രി (ശ്രീ വി. ആർ. കൃഷ്ണയ്യർ):

(എ) 24 പേർ.

(ബി) ഒന്നിന്റെയും ജോലി പൂർത്തിയായിട്ടില്ല. 1131 സൊസൈറ്റികളിൽ, അവരുടെ നിയമനത്തിനുശേഷം, 28 എണ്ണം വൈൻഡപ്പ് ചെയ്യാൻ ഓർഡർ ആയിട്ടുണ്ട്. എല്ലാ ആസ്തിബാദ്ധ്യതകളും പരിശോധിച്ചു പൂർത്തിയായ നടപടി ആയിട്ടില്ല.

ഫയർ സർവ്വീസ് യൂണിറ്റുകൾ

* 1638. [8] ശ്രീ. എം. ഗോപാലൻകുട്ടിനായർ:† താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേറ്റിൽ ഒട്ടാകെ എത്ര ഫയർ സർവ്വീസുകൾ പ്രവർത്തിച്ചു വരുന്നുണ്ട്;

(ബി) ഇവ ഏതെല്ലാം സ്ഥലങ്ങളിലാണ്;

(സി) 1958-59 വർഷത്തിൽ ഔദ്യോഗികമായി റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര തീപിടിത്തങ്ങൾ ഈ സ്റ്റേറ്റിൽ ഉണ്ടായിട്ടുണ്ട്;

(ഡി) ഇതുകൊണ്ട് ഉണ്ടായിട്ടുള്ള ആകെ സാമ്പത്തികനഷ്ടവും ആളപായവും എത്ര;

(ഇ) ഈ സ്റ്റേറ്റിലെ പ്രധാന പട്ടണങ്ങളിൽപ്പോലും പ്രവർത്തിക്കുന്ന ഫയർ എൻജിനുകൾ പഴക്കം ചെന്നവയും കാര്യക്ഷമതയില്ലാത്തവയും ആണെന്നുള്ള സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ സ്റ്റേറ്റിലെ ഫയർ സർവ്വീസ് യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു് എന്തെല്ലാം നടപടികളാണ് ഗവണ്മെന്റ് എടുത്തിട്ടുള്ളത്?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) 12.

(ബി) സതേൺ ഡിവിഷനിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ; സെൻട്രൽ ഡിവിഷനിൽ കോട്ടയം, എറണാകുളം, മട്ടാഞ്ചേരി, ഫോർട്ട് കൊച്ചിൻ (ഫോർട്ട് കൊച്ചിൻ ഫയർ സ്റ്റേഷൻ ആലുവായിലേയ്ക്കു മാറ്റുന്നതിനു് ഓർഡർ നൽകിയിട്ടുണ്ട്); നോർത്തേൺ ഡിവിഷനിൽ കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, പാലക്കാട്, ഊട്ടി.

† As the member was absent the question was put by Shri Kunhikrishnan Nair, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly